**A** **505**

# സമഗ്രശിക്ഷാ കേരളം
# വാർഷിക മൂല്യനിർണ്ണയം 2023-2024

**ക്ലാസ് : 5** **സാമൂഹ്യശാസ്ത്രം** **സമയം: 2 മണിക്കൂർ**

***നിർദേശങ്ങൾ***

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് **15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള **8** പ്രവർത്തനങ്ങളിൽ **6** എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന **6** പ്രവർത്തനങ്ങളിലേയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം 1**

**നാം ഇടപെടുന്ന എല്ലാ മേഖലകളിലും ജനാധിപത്യം ഒരു ജീവിതരീതിയാക്കി പ്രവർത്തിക്കണം.**

എ) താഴെ പറയുന്നവയിൽ ജനാധിപത്യജീവിതരീതിക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഏതൊക്കെയാണ്?

i) ഉച്ചഭക്ഷണത്തിനുള്ള വരിയിൽ ഇടിച്ചുകയറുന്നു.
ii) വിദ്യാരംഗം കൺവീനർ, മുഴുവൻ വിദ്യാർഥികളുടേയും അനുവാദത്തോടെ വിദ്യാരംഗം സാഹിത്യവേദിയുടെ പ്രവർത്തനങ്ങൾ മാറ്റിവയ്ക്കുന്നു.
iii) ക്ലാസ് ലീഡർ ആരാകണമെന്ന് ക്ലാസ് ടീച്ചർ തീരുമാനിക്കുന്നു.
iv) ഗ്രാമസഭ വിളിച്ചുചേർത്ത് വാർഡിൽ നടപ്പിലാക്കേണ്ട വികസനപ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നു.

ബി) ഒരു ജനാധിപത്യവാദിയാകാൻ നിങ്ങൾ എങ്ങനെയെല്ലാം പ്രവർത്തിക്കും?
മൂന്നു പ്രവർത്തനങ്ങൾ എഴുതുക.

**പ്രവർത്തനം 2**

**കുടുംബങ്ങളുടെ വരുമാനസ്രോതസ്സുകൾ വ്യത്യസ്തമാണ്.**

എ) കുട്ടികൾ ക്ലാസ്സിൽ സ്വയം പരിചയപ്പെടുത്തുകയാണ്. ഓരോരുത്തരും അവരവരുടെ രക്ഷിതാക്കളുടെ ജോലികൂടി പറയുകയുണ്ടായി.

രാജു :- എന്റെ പിതാവ് ദേശീയപാത നിർമ്മാണ ജോലിയിലാണ്.
രജനി :- എന്റെ മാതാവ് വീടിനടുത്തുതന്നെ ഒരു പച്ചക്കറിക്കട നടത്തുന്നു.
രജില :- എന്റെ മാതാവ് ഞങ്ങളുടെ പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.
റഫീക്ക് :- എന്റെ പിതാവ് ഗൾഫിലാണ്. കിട്ടുന്ന പണം ബാങ്കിൽ നിക്ഷേപിക്കും, വീട്ടുചെലവിന് ആവശ്യമുള്ള പണം ഞങ്ങൾ ബാങ്കിൽ നിന്നും എടുക്കും.

ഇവരുടെ ഓരോരുത്തരുടെയും രക്ഷിതാക്കളുടെ വരുമാനസ്രോതസും വരുമാനവും ഏതു പേരിലാണ് അറിയപ്പെടുന്നത്?

| വിദ്യാർഥികൾ | വരുമാന സ്രോതസ്സ് | വരുമാനം |
|---|---|---|
| രാജു | ദേശീയപാത നിർമ്മാണജോലി | 1. ........................................ |
| രജനി | 2. ........................................ | ലാഭം |
| രജില | 3. ........................................ | 4. ........................................ |
| റഫീക്ക് | ബാങ്ക് നിക്ഷേപം | 5. ........................................ |

**പ്രവർത്തനം 3**

**സുഹ്റയുടെ മൂന്നു കൂട്ടുകാരുടെ നാടിന്റെ പ്രത്യേകതകൾ വായിക്കൂ.**

| |
|---|
| **ഷാഹിന** |
| വരയാട്, സിംഹവാലൻ കുരങ്ങ് എന്നീ ജീവികളെ എപ്പോഴും എനിക്ക് കാണാം. വീട്ടുപറമ്പിൽ ഈട്ടി, ചന്ദനം എന്നീ മരങ്ങളും ഉണ്ട്. |

| |
|---|
| **അനു** |
| ചെറിയ കുന്നുകളും താഴ്വരകളും ഉള്ള പ്രദേശത്താണ് ഞാൻ താമസിക്കുന്നത്. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരത്തിലുള്ള പ്രദേശമാണിത്. |

| |
|---|
| **ഷാജി** |
| മണൽ നിറഞ്ഞ ഭൂപ്രദേശത്താണ് എന്റെ വീട്. ഏകദേശം 7.5 മീറ്റർ ഉയരമുള്ള പ്രദേശം. |

എ) ഇവർ ഓരോരുത്തരും താമസിക്കുന്നത് ഏത് ഭൂപ്രകൃതി വിഭാഗത്തിലാണ്?

ഷാഹിന ..........................................................

അനു ..........................................................

ഷാജി . ..........................................................

ബി) കേരളത്തിലെ തുലാവർഷത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**പ്രവർത്തനം 4**

**ഒരു ഭൂപ്രദേശത്തിൽ വ്യത്യസ്തമായ ഭൂരൂപങ്ങൾ കാണപ്പെടാറുണ്ട്.**

എ) ഇന്ത്യയുടെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന വർക്ക്ഷീറ്റ് പൂർത്തിയാക്കുക.

| | |
|---|---|
| • സമതലങ്ങൾ, പീഠഭൂമികൾ, ദ്വീപുകൾ മരുഭൂമികൾ എന്നിവ കൂടാതെ ഇന്ത്യയിൽ കാണപ്പെടുന്ന മറ്റൊരു ഭൂരൂപം. | (i) .......................................................... |
| • മഴക്കുറവ്, ജനവാസവും കൃഷിയും കുറവ്, വീശിയടിക്കുന്ന കാറ്റും കൊടും ചൂടും... തുടങ്ങിയ സവിശേഷതകൾ ഉള്ള ഭൂരൂപം. | (ii) .......................................................... |
| • അറബിക്കടലിൽ സ്ഥിതിചെയ്യുന്ന ഇന്ത്യയുടെ ഭാഗമായ ദ്വീപ്. | (iii) .......................................................... |
| • ഡക്കാൻ, ഛോട്ടാനാഗ്പൂർ, മാൾവ എന്നിവ ഏതു ഭൂരൂപമാണ്? | (iv) .......................................................... |
| • ഈ സമതലത്തെ ഇന്ത്യയുടെ 'ഭക്ഷ്യ കലവറ' എന്ന് വിശേഷിപ്പിക്കുന്നു. | (v) .......................................................... |

**പ്രവർത്തനം 5**

**തിരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ അടിസ്ഥാന സവിശേഷതകളിലൊന്നാണ്.**

എ) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വാർത്തകളുടെ കൊളാഷുകൾ വായിച്ച് തിരഞ്ഞെടുപ്പു പ്രക്രിയയുടെ ഘട്ടങ്ങൾ ക്രമപ്പെടുത്തി എഴുതുക.

വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ചു.

സ്ഥാനാർഥികൾ നാമനിർദേശ പത്രിക സമർപ്പിച്ചു തുടങ്ങി.

തിരഞ്ഞെടുപ്പ് കമ്മീഷൻ തിരഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിച്ചു.

നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി.

വോട്ടെണ്ണലും ഫലപ്രഖ്യാപനവും സ്ഥാനാർത്ഥികൾ വിജയപ്രതീക്ഷയിൽ.

നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം ഇന്ന് വൈകിട്ട് 5 മണിവരെ.

തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കൽ

↓

.............................................................

↓

.............................................................

↓

നാമനിർദേശ പത്രിക പിൻവലിക്കൽ

↓

.............................................................

↓

.............................................................

ബി) എല്ലാ വോട്ടർമാർക്കും പങ്കെടുക്കാൻ അവസരമുള്ള ഘട്ടം ഇവയിൽ ഏതാണ്?

**പ്രവർത്തനം 6**

**സ്വയം കറങ്ങുന്നതോടൊപ്പം സൂര്യനെ വലംവയ്ക്കുകയും ചെയ്യുന്ന ആകാശഗോളങ്ങളാണ് ഗ്രഹങ്ങൾ.**

എ) ഗ്രഹങ്ങളെക്കുറിച്ചുള്ള തിരിച്ചറിയൽ കാർഡുകൾ പൂർത്തിയാക്കുക.


| (a) ശനി | (b) വ്യാഴം | (c) ..................... |
|---|---|---|
| • ചുറ്റും വലയങ്ങൾ ഉണ്ട്. | • .............................. | • .............................. |
| • 30–ൽ അധികം ഉപഗ്രഹങ്ങൾ ഉണ്ട്. | • .............................. | • .............................. |

ബി) സൂര്യനെക്കുറിച്ച് പഠിക്കാൻ ഇന്ത്യ വിക്ഷേപിച്ച ബഹിരാകാശ പേടകത്തിന്റെ പേരെന്താണ്?

**പ്രവർത്തനം 7**

എ) കേരളത്തിന്റെ രാഷ്ട്രീയ ഭൂപടത്തെ അടിസ്ഥാനമാക്കി ക്ലാസ്സിൽ ഗ്രൂപ്പുകളായി തിരിഞ്ഞ് പ്രശ്നോത്തരി സംഘടിപ്പിക്കുകയാണ്.

നിങ്ങളുടെ എതിർ ടീമിനോട് ചോദിക്കേണ്ട അഞ്ച് ചോദ്യങ്ങൾ തയ്യാറാക്കുക.




**പ്രവർത്തനം 8**

**സമുദ്രങ്ങൾക്കിടയിലായി സ്ഥിതിചെയ്യുന്ന അതിവിശാലമായ കരഭാഗങ്ങളാണ് വൻകരകൾ.**

എ) വൻകരകളെക്കുറിച്ചുള്ള സൂചനകളാണ് താഴെ തന്നിട്ടുള്ളത്. അവ വായിച്ച് വൻകരകളെ തിരിച്ചറിഞ്ഞ് പേരെഴുതുക.

| | |
|---|---|
| 1. • നമ്മുടെ രാജ്യമായ ഇന്ത്യ ഉൾപ്പെടുന്ന വൻകര.<br>• ഏറ്റവും വലിയ വൻകര. | |
| 2. • കൂടുതൽ പ്രദേശങ്ങളും മരുഭൂമിയാണ്.<br>• നൈൽനദി ഈ വൻകരയിലാണ്. | |
| 3. • പസഫിക് സമുദ്രത്തിനും അറ്റ്ലാന്റിക് സമുദ്രത്തിനും ഇടയിൽ സ്ഥിതിചെയ്യുന്നു.<br>• ആമസോൺനദി ഈ വൻകരയിലാണ്. | |
| 4. • ലോകത്തിലെ ഏറ്റവും തണുപ്പുകൂടിയ പ്രദേശം ഈ വൻകരയിലാണ്.<br>• വെളുത്ത ഭൂഖണ്ഡം എന്ന് അറിയപ്പെടുന്നു. | |
| 5 • ഏറ്റവും ചെറിയ വൻകര<br>• 'വൻകരദ്വീപ്' എന്ന വിശേഷണവും ഉണ്ട്. | |